# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
## ദൈവകൃപയാൽ
## നിലയ്ക്കൽ മെത്രാസനാധിപനും
## അഖില മലങ്കര ബാലസമാജം പ്രസിഡന്റുമായ
## ഡോ.ജോഷ്വാ മാർ നിക്കോദീമോസ്
## മെത്രാപ്പോലീത്തായിൽ നിന്നും

CK.BAL.No.1/2016

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈസ്ഥാനികളും വിശേഷാൽ ബാലസമാജാംഗങ്ങളും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയിലെ 5 മുതൽ 17 വയസ്സു വരെ പ്രായമുള്ള കുഞ്ഞുങ്ങളുടെ സംഘടനയായ അഖില മലങ്കര ബാലസമാജം എല്ലാ വർഷവും ''മാർ യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച'' ബാലദിനമായി ആചരിക്കുകയാണല്ലോ. അതിൻപ്രകാരം തന്നാണ്ടിൽ ഡിസംബർ 4-നു ഞായറാഴ്ച സഭയിലെ എല്ലാ ദേവാലയങ്ങളിലും ബാലദിനമായി ആചരിക്കണമെന്ന് അറിയിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി അന്നേദിവസം ബാലസമാജത്തിനുവേണ്ടി പ്രാർത്ഥിക്കുകയും, വി.കുർബ്ബാന മദ്ധ്യേ സമാജാംഗമായ ഒരു കുട്ടിയെക്കൊണ്ട് ''ബാലസമാജം എന്റെ ജീവിതാനുഭവത്തിൽ'' എന്ന വിഷയം ആസ്പദമാക്കി പ്രസംഗിപ്പിക്കുകയും, ബാലദിന പ്രതിജ്ഞ ചൊല്ലിക്കുകയും, ആ ഇടവകയ്ക്ക് അനുയോജ്യമായ വിധത്തിൽ അദ്ധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളുടെ വിവിധ പരിപാടികൾ ക്രമീകരിക്കുകയും ചെയ്യണം. ബാലദിനത്തിൽ എല്ലാ കുട്ടികളും വി.കുർബ്ബാന അനുഭവിക്കുന്നതും നന്നായിരിക്കും. ആ ഇടവകയിലെ 2016-ലെ ബാലസമാജം യൂണിറ്റ് പ്രവർത്തനത്തെപ്പറ്റിയും ബാലദിനാചരണത്തെപ്പറ്റിയും A4 ഷീറ്റിൽ മൂന്ന് പേജിൽ കവിയാത്ത ഒരു കയ്യെഴുത്ത് റിപ്പോർട്ട് തയ്യാറാക്കി വികാരിയുടെയും യൂണിറ്റ് വൈസ്പ്രസിഡന്റിന്റെയും യൂണിറ്റ് സെക്രട്ടറിയുടെയും ഒപ്പോടുകൂടി 2017 ജനുവരി 10-ന് മുമ്പായി നമ്മുടെ പേർക്ക് അയച്ചുതരണമെന്ന് താത്പര്യപ്പെടുന്നു. ഓരോ ഭദ്രാസനത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് വാർഷിക ക്യാമ്പിൽ വച്ച് സമ്മാനം നൽകുന്നതായിരിക്കും.

2016 ലെ നോർത്ത് സോൺ കലാമത്സരങ്ങൾ കൊരട്ടി സീയോൻ അരമനയിൽ വച്ചും സൗത്ത് സോൺ കലാമത്സരങ്ങൾ അടൂർ സെന്റ് മേരീസ് കോൺവെന്റിൽ വച്ചും ആഗസ്റ്റ് 13-ന് ശനിയാഴ്ച നടത്തുകയും സോണൽതല വിജയികൾക്ക് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടന്ന വാർഷിക ക്യാമ്പിൽ വച്ച് സമ്മാനങ്ങൾ നൽകുകയുമുണ്ടായി. നോർത്ത് സോണിൽ 5 ഭദ്രാസനങ്ങളിൽ നിന്നും സൗത്ത് സോണിൽ 9 ഭദ്രാസനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി. വിജയികളായ ഏവരേയും നമ്മുടെ അഭിനന്ദനം അറിയിക്കുന്നു. നോർത്ത് സോണിലെ 6 ഭദ്രാസനങ്ങൾ കൂടി ഇനിയും മത്സരങ്ങളിൽ പങ്കെടുക്കേണ്ടതുണ്ട് എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

തന്നാണ്ടിലെ വാർഷിക ക്യാമ്പിൽ 500 പ്രതിനിധികളെ പ്രതീക്ഷിച്ചിരുന്നുവെങ്കിലും 14 ഭദ്രാസനങ്ങളിൽ നിന്നുമായി 700-ൽ അധികം കുട്ടികൾ വന്നു പങ്കെടുത്തതിൽ ഏറെ സന്തോഷമുണ്ട്. ആതിഥേയത്വം വഹിച്ച പത്തനാപുരം മൗണ്ട് താബോർ ദയറായോടും കോൺവെന്റിനോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. അപ്രതീക്ഷിതമായ വർദ്ധനവ് ഉണ്ടായതിനാൽ ജൂണിയർ എന്നും സീനിയർ എന്നും കുട്ടികളെ രണ്ടായി തിരിച്ച് ക്യാമ്പ് നടത്തിയെന്ന പ്രത്യേകതയും ഈ വർഷത്തെ ക്യാമ്പിനുണ്ട്.

(മറുപുറം)

പ്രിയമുള്ളവരെ,

സഭയിലെ പല ദേവാലയങ്ങളിലും ബാലസമാജം യൂണിറ്റുകൾ ഇപ്പോഴും ആരംഭിച്ചിട്ടില്ലായെന്നത് വേദനാജനകമാണ്. ബാലസമാജം യൂണിറ്റുകൾ ആരംഭിച്ചിട്ടില്ലാത്ത ദേവാലയങ്ങളിലും യൂണിറ്റ് പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ദേവാലയങ്ങളിലും ഉടൻ തന്നെ ആരംഭിക്കണമെന്ന് താത്പര്യപ്പെടുന്നു. ഇടവക വികാരിമാരും സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരും ഇക്കാര്യത്തിൽ താത്പര്യപൂർവ്വമായ നേതൃത്വം കൊടുക്കണം. ഭദ്രാസനതലത്തിലും കേന്ദ്രതലത്തിലും യൂണിറ്റുകളുടെ രജിസ്ട്രേഷൻ ഓരോ വർഷവും നിർവ്വഹിക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള യൂണിറ്റുകൾക്കു മാത്രമേ ബാലസമാജം നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

വാത്സല്യമുള്ളവരെ,

പുതിയ സണ്ടേസ്കൂൾ വർഷം ആരംഭിക്കുമ്പോൾ തന്നെ ഇടവകകളിൽ ബാലസമാജം പ്രവർത്തനവും ആരംഭിക്കുകയും, അദ്ധ്യാപക ഉപദേഷ്ടാവ്, ബാലസമാജം സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കുകയും അവരുടെ പേരുവിവരം ഭദ്രാസന സെക്രട്ടറിമാരെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഭദ്രാസന സെക്രട്ടറിമാർ ആയത് ഫെബ്രുവരി 28-ന് മുമ്പായി നമ്മുടെ പേർക്ക് അയച്ചുതരികയും ചെയ്യണം.

ശേഷം കാര്യങ്ങൾ പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Mar Nicodimos

2016 നവംബർ 21 ന്  
റാന്നി, സെന്റ് തോമസ് അരമനയിൽ നിന്നും

ഡോ. ജോഷ്വാ മാർ നിക്കോദീമോസ്  
മെത്രാപ്പോലീത്ത